KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.2 Issue.2 February 2022

# സംസ്ഥാനമാകെ സാന്നിധ്യമറിച്ച് കേരള ബാങ്ക്



'Be the number one' ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച വീഡിയോ കോൺഫറൻസിൽ ബഹു.കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ ജീവനക്കാരെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ സമീപം.

മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന "Be the Number One" ക്യാമ്പയിന്റെ ഭാഗമായി ബാങ്ക് പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ബാങ്ക് ജീവനക്കാരുടെ പങ്കാളിത്തത്തോടെ സംസ്ഥാനമാകെ ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വച്ചു. ഫെബ്രുവരി നാലാം തീയതി ബഹുമാനപ്പെട്ട ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ വീഡിയോ കോൺഫറൻസിലൂടെ എല്ലാ ജീവനക്കാരെയും അഭിസംബോധന ചെയ്തത് ക്യാമ്പയിനെ കുറിച്ച് ജീവനക്കാരിൽ കൂടുതൽ ആവേശവും അവബോധവും ഉളവാക്കി.

കോവിഡ് പ്രതിസന്ധിയിൽ ഉഴലുന്ന സാധാരണ ജനങ്ങൾക്ക് ആശ്വാസം പകരുന്ന വസ്തു ജാമ്യമില്ലാ വായ്പയായ സുവിധ പ്ലസ് ഉൾപ്പെടെ നിരവധി വായ്പകൾ വിതരണം ചെയ്യുന്ന വായ്പാ മേളകൾ ശ്രദ്ധ ആകർഷിച്ചു.

ക്യാമ്പയിന്റെ ഭാഗമായി കസ്റ്റമർ മീറ്റ് സംഘടിപ്പിച്ച് ഇടപാടുകാരുമായിട്ടുള്ള ബന്ധം ഊഷ്മളവും സുദൃഢവുമാക്കുന്നതിൽ വിജയിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ മുന്നേറ്റത്തിന്റെ ഭാഗമായ CDS - ലെ ചെയർ പേഴ്സൺമാരെയും, മറ്റ് ഭാരവാഹികളെയും ക്യാമ്പയിന്റെ ഭാഗമായി ആദരിച്ചു.

'CASA DAY' സംഘടിപ്പിച്ച് ഒറ്റ ദിവസം കൊണ്ട് പരമാവധി അക്കൗണ്ടുകൾ സ്വരൂപിക്കാനുള്ള ശ്രമങ്ങൾ പല ശാഖകളും ക്യാമ്പയിന്റെ ഭാഗമായി നടത്തി. കുടിശ്ശിക നിവാരണ അദാലത്തുകൾ ക്യാമ്പയിന്റെ ഭാഗമായി കൂടുതൽ ഊർജിതമാക്കി. മരണം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ നിസ്സഹായാവസ്ഥയിൽ കഴിയുന്നവർക്ക് ജീവനക്കാർ വായ്പാതുക അടച്ച് പ്രമാണവും, മറ്റു രേഖകളും തിരികെ ഏൽപ്പിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഫെബ്രുവരി മാസത്തെ ക്യാമ്പയിൻ കാലയളവ് സാക്ഷ്യം വഹിച്ചു.



'Be the number one' ക്യാമ്പയിന്റെ ഭാഗമായി കേരള ബാങ്ക് നെൻമാറ ശാഖ സംഘടിപ്പിച്ച വായ്പമേള വിതരണോദ്ഘാടനം നെൻമാറ MLA, ശ്രീ.കെ.ബാബു നിർവ്വഹിക്കുന്നു.



'Be the number one' ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം മാണിക്യവിളാകം ശാഖ സംഘടിപ്പിച്ച കസ്റ്റമർ മീറ്റ്.

# കടന്നപ്പള്ളി-പാണപ്പുഴ ബാങ്ക് കേരള ബാങ്ക് പ്രസിഡന്റ് സന്ദർശിച്ചു



കേരള ബാങ്ക് പ്രസിഡന്റ് ശ്രീ ഗോപി കോട്ടമുറിക്കൽ കടന്നപ്പള്ളി-പാണപ്പുഴ സർവീസ് സഹകരണ ബാങ്ക് സന്ദർശിച്ചു. സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയും, ജീവനക്കാരും ചേർന്ന് പ്രസിഡന്റിനെ സ്വീകരിച്ചു. പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന ഡിജിറ്റൽ പെയ്മെൻറ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായി വരുന്നതായി അദ്ദേഹം അറിയിച്ചു.

കേരള ബാങ്ക് ഡയറക്ടർ ശ്രീമതി. കെ.ജി വത്സലകുമാരി, കേരള ബാങ്ക് ചീഫ് ജനറൽ മാനേജർ, ശ്രീ കെ.സി.സഹദേവൻ, കണ്ണൂർ റീജിയണൽ ജനറൽ മാനേജർ, ശ്രീ. എം.പി ഷിബു, കടന്നപ്പള്ളി-പാണപ്പുഴ സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ.ഇ.പി. ബാലകൃഷ്ണൻ, പ്രൈമറി സൊസൈറ്റി അസോസിയേഷൻ സംസ്ഥാന സെക്രട്ടറി, ശ്രീ. പി.പി. ദാമോദരൻ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ടി.സുലജ, സെക്രട്ടറി ശ്രീ.വി.വി.മധുസൂദനൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## പുതിയ ഡയറക്ടർക്ക് സ്വീകരണം



കേരള ബാങ്ക് ഭരണസമിതിയിലേക്ക് അപെക്സ് വായ്പേതര സഹകരണ സംഘത്തിന്റെ പ്രതിനിധിയായി തെരഞ്ഞെടുത്ത കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ (കൺസ്യൂമർ ഫെഡ്) ചെയർമാൻ, ശ്രീ.എം. മെഹബൂബിനെ ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ 11.02.2022-ലെ ബോർഡ് യോഗത്തിൽ പൂച്ചെണ്ട് നൽകി സ്വീകരിക്കുന്നു.

NABARD
Published with assistance from NABARD under Co-operative Development Fund

# ഒരു ദിവസം ഒരു കോടി രൂപ വായ്പ നൽകി കേരള ബാങ്ക്



കുടിശ്ശികയായ വായ്പ തിരിച്ചടച്ചതിന്റെ രേഖകൾ ഇടപാടുകാരനായ ശ്രീ.രവീന്ദ്രന് കേരള ബാങ്ക് ഡയറക്ടർ ശ്രീ.പി ഗഗാറിൻ കൈമാറുന്നു



സുവിധ പ്ലസ് വായ്പാ വിതരണ മേള പൂതാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.മെഴ്സി സാബു ഉദ്ഘാടനം ചെയ്യുന്നു

കോവിഡ് കാരണം ദുരിതത്തിലായ ചെറുകിട സംരംഭകർക്കും ബസുടമകൾക്കുമായി കേരള ബാങ്ക് ആവിഷ്കരിച്ച വസ്തു ജാമ്യമില്ലാ വായ്പയായ സുവിധ പ്ലസ് 35 പേർക്കായി ഒരു ദിവസം ഒരു കോടി രൂപ വിതരണം ചെയ്തു. വയനാട് ജില്ലയിലെ കേണിച്ചിറ ശാഖയാണ് ഈ നേട്ടം കൈവരിച്ചത്. വായ്പാ വിതരണ മേള പൂതാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.മെഴ്സി സാബു ഉദ്ഘാടനം ചെയ്തു. എസ്.സി, എസ്.ടി സ്വയം സംഘത്തിനായുള്ള സഹജ വായ്പ 5 ലക്ഷം രൂപയും പഞ്ചായത്ത് പ്രസിഡന്റ് വിതരണം ചെയ്തു. ഏകാശ്രയമായ മകന്റെ മരണത്തോടെ വായ്പ തിരിച്ചടക്കാൻ കഴിയാതെ ദുരിതത്തിലായ ഇടപാടുകാരന്റെ കടബാധ്യത ബാങ്ക് ജീവനക്കാരും വ്യാപാരികളും ചേർന്ന് തിരിച്ചടച്ച് പ്രമാണം തിരിച്ചു നൽകുന്ന സത്കർമ്മത്തിനും ചടങ്ങ് വേദിയായി. ഇടപാടുകാരനായ ശ്രീ.രവീന്ദ്രന് കേരള ബാങ്ക് ഡയറക്ടർ ശ്രീ.പി ഗഗാറിൻ ആധാരം കൈമാറി. ചടങ്ങിൽ ശ്രീ.പി ഗഗാറിൻ അധ്യക്ഷത വഹിച്ചു. പൂതാടി ഗ്രാമപഞ്ചായത്തംഗങ്ങളായ ശ്രീമതി.രുഗ്മിണി സുബ്രഹ്മണ്യം, ശ്രീ.ടി എസ് സുധീരൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എ വി ജയൻ, വ്യാപാരി വ്യവസായി ഏകോപന സമിതി സെക്രട്ടറി ശ്രീ.എം ആർ സുരേഷ് ബാബു, കേരള ബാങ്ക് ഏരിയാ മാനേജർ ശ്രീമതി.കെ കെ ഉഷ, അഗ്രികൾച്ചറൽ ഓഫീസർ ശ്രീമതി. ആശാ ഉണ്ണി, ശ്രീ.രാധാകൃഷ്ണൻ കുഴപ്പിൽ എന്നിവർ പ്രസംഗിച്ചു. സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ, ശ്രീ. എൻ നവനീത്കുമാർ സ്വാഗതവും ശാഖാ മാനേജർ ശ്രീമതി. പി കെ ഓമന നന്ദിയും പറഞ്ഞു.

# 'ഖാദിക്കൊപ്പം കേരള ബാങ്ക്'
## പദ്ധതി പാലക്കാടും തൃശ്ശൂരും നടപ്പാക്കി



ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ.പി.ജയരാജൻ കേരള ബാങ്ക് പാലക്കാട് റീജിയണൽ മാനേജർ, ശ്രീമതി.പ്രീത കെ.മേനോൻ, ശ്രീ.എ. രാമദാസ്, ശ്രീ.സി.കെ.അബ്ദുറഹ്മാൻ എന്നിവർക്ക് ഖാദി വസ്ത്രങ്ങൾ കൈമാറുന്നു.



തൃശ്ശൂരിൽ ഖാദി വസ്ത്ര വിതരണ ഉദ്ഘാടന ചടങ്ങിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ.പി.ജയരാജൻ, ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ.കണ്ണൻ, റീജിയണൽ മാനേജർ, ശ്രീ.ജോളി ജോൺ എന്നിവർ.

ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കുന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി പാലക്കാട്, തൃശ്ശൂർ റീജിയണൽ ഓഫീസുകളിൽ 'ഖാദിക്കൊപ്പം കേരളബാങ്ക്' പദ്ധതി നടപ്പാക്കി. റീജിയണൽ ഓഫീസുകളിൽ എല്ലാ ജീവനക്കാരും ബുധനാഴ്ചകളിൽ കൈത്തറി വസ്ത്രങ്ങൾ ധരിക്കുന്നതിനു തീരുമാനമായി. പാലക്കാട് ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാൻ ശ്രീ.പി ജയരാജൻ ഖാദി വസ്ത്രവിതരണം ഉദ്ഘാടനം ചെയ്തു. റീജിയണൽ മാനേജർ, ശ്രീമതി.പ്രീത കെ മേനോൻ, ശ്രീ.എ.രാമദാസ്, ശ്രീ.സി.കെ. അബ്ദുറഹ്മാൻ എന്നിവർ ഏറ്റുവാങ്ങി.

ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി.ദീപ ജോസ് അധ്യക്ഷയായി. ഖാദി ജില്ലാ പ്രൊജക്റ്റ് ഓഫീസർ ശ്രീ.പി. എസ്.ശിവദാസൻ, കേരളബാങ്ക് ഡിജിഎം ശ്രീ.ആർ.രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഡിജിഎം, ശ്രീ.ടി. രാമകൃഷ്ണൻ സ്വാഗതവും റീജിയണൽ മാനേജർ, ശ്രീമതി. പ്രീത.കെ.മേനോൻ നന്ദിയും പറഞ്ഞു.

തൃശ്ശൂരിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാൻ ശ്രീ.പി ജയരാജൻ ഖാദി വസ്ത്രവിതരണം ഉദ്ഘാടനം ചെയ്തു. ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ.കണ്ണൻ, തൃശ്ശൂർ റീജിയണൽ ജനറൽ മാനേജർ, ശ്രീ. ജോളി ജോൺ എന്നിവർ പങ്കെടുത്തു.

# സഹകരണ ബാങ്കുകളുടെ വൈവിധ്യവൽക്കരണം: പരിശീലനം നൽകി



പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിമാർക്കായി കേരള ബാങ്കിൽ നടന്ന ഏകദിന പരിശീലനം കേരള ബാങ്ക് ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു ഉദ്ഘാടനം ചെയ്യുന്നു

പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ സഹകരണ ബാങ്ക് സെക്രട്ടറിമാർക്ക് ഏകദിന പരിശീലനം നൽകി. തിരുവനന്തപുരം എ.സി.എസ്.ടി.യുടേയും കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിലെ പാക്സ് ഡവലപ്മെന്റ് സെല്ലിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി കേരള ബാങ്ക് ഡയറക്ടർ ശ്രീ. ഇ.രമേശ് ബാബു ഉദ്ഘാടനം ചെയ്തു. കേരള ബാങ്ക് റീജിയണൽ ഓഫീസിലെ ഇ വി കുമാരൻ മെമ്മോറിയൽ ഹാളിൽ നടന്ന പരിപാടിയിൽ റീജിയണൽ ജനറൽ മാനേജർ ശ്രീ.സി.അബ്ദുൽ മുജീബ് അധ്യക്ഷതവഹിച്ചു. എ.സി.എസ്.ടി. ഡയറക്ടർ, ശ്രീ.എം രാമനുണ്ണി വിഷയാവതരണം നടത്തി. പാക്സ് ഡവലപ്മെന്റ് സെൽ റിസോഴ്സ് പേഴ്സൺ, ശ്രീ. സി.കെ. വേണുഗോപാൽ സ്വാഗതവും, അഗ്രികൾച്ചറൽ ഓഫീസർ ശ്രീമതി. ജോസ്ന ജോസ് നന്ദിയും പറഞ്ഞു.

# മൊബൈൽ എടിഎം ഉദ്ഘാടനം



ആലപ്പുഴയിലെ മൊബൈൽ എടിഎം അമ്പലപ്പുഴ എംഎൽഎ ശ്രീ എച്ച് സലാം ഉദ്ഘാടനം ചെയ്തു. ബാങ്ക് ഡയറക്ടർ ശ്രീ. എം. സത്യപാലൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിതരണോദ്ഘാടനവും എം എൽ എ നിർവ്വഹിച്ചു.

# ചെറുകിട വായ്പകൾക്ക് പ്രസക്തി ഏറെ ഗോപി കോട്ടമുറിയ്ക്കൽ



കേരള ബാങ്ക് ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പാ പദ്ധതിയുടെ ബ്രോഷർ ബാങ്ക് പ്രസിഡന്റ് ശ്രീ ഗോപി കോട്ടമുറിയ്ക്കൽ പ്രകാശനം ചെയ്യുന്നു. ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങൾ, ചീഫ് ജനറൽ മാനേജർ ശ്രീ.കെ.സി സഹദേവൻ എന്നിവർ സമീപം

കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് നാടിനെ രക്ഷിക്കുന്നതിൽ സൂക്ഷ്മ, ചെറുകിട , ഇടത്തരം സംരംഭ വായ്പകൾ മുഖ്യ പങ്ക് വഹിക്കുന്നുണ്ടെന്ന് കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിയ്ക്കൽ.

അസംഘടിത ഭക്ഷ്യ സംസ്കരണ മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി കേരള ബാങ്ക് ആവിഷ്കരിച്ച ഭക്ഷ്യ സംസ്കരണ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വായ്പയുടെ ബ്രോഷർ കേരള ബാങ്ക് ഹെഡ് ഓഫീസിൽ വച്ച് പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡയറക്ടർ ബോർഡ് അംഗം ശ്രീ .എം മെഹബൂബ് ബ്രോഷർ സ്വീകരിച്ചു.

സൂക്ഷ്മ ഇടത്തരം ഭക്ഷ്യ സംസ്കരണ യൂണിറ്റ് തുടങ്ങാൻ താത്പര്യമുള്ള വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FPO) സ്വയം സഹായ സംഘങ്ങൾ (SHG) കൂട്ടുത്തരവാദിത്വ സംഘങ്ങൾ (JLG) കമ്പനികൾ പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവർക്ക് 60 ലക്ഷം രൂപയുടെ വായ്പയാണ് കേരള ബാങ്ക് ശാഖകൾ വഴി അനുവദിക്കുന്നത്. ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങൾ, ബാങ്ക് ചീഫ് ജനറൽ.മാനേജർ ശ്രീ. കെ.സി സഹദേവൻ, ജനറൽ മാനേജർമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# കുടുംബശ്രീ അംഗങ്ങളെ ബാങ്കിൽ അക്കൗണ്ട് ഉടമകളാക്കുന്നു



കോട്ടയം ജില്ലയിൽ വെച്ചൂർ പഞ്ചായത്തിലെ 207 കുടുംബശ്രീ ഗ്രൂപ്പുകളിൽപ്പെട്ട 3905 അംഗങ്ങളെ കേരള ബാങ്കിന്റെ അംബികാ മാർക്കറ്റ് ശാഖയുടെ അക്കൗണ്ട് ഉടമകളാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്കരിച്ചു.

കുടുംബശ്രീ അംഗങ്ങൾക്ക് ബാങ്ക് വായ്പ, വിവിധ സഹായ പദ്ധതികൾ തുടങ്ങിയ കാര്യങ്ങൾ അതത് സമയങ്ങളിൽ അറിയിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നു. പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ.കെ.ആർ. ഷൈലകുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ചെയർപേഴ്സൺ, ശ്രീമതി. മിനി സരസൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗങ്ങളായ ശ്രീ.പി.കെ. മണിലാൽ, ശ്രീ. സോജി ജോർജ്ജ്, ശ്രീമതി. ബിൻസി ജോസഫ്, ശ്രീമതി ഗീതാ സോമൻ, ശ്രീമതി. ആൻസി തങ്കച്ചൻ, കേരള ബാങ്ക് മാനേജർ, ശ്രീമതി. നിഷാ വിജയൻ , ശ്രീമതി. എം.എൽ. സംഗീത എന്നിവർ സംസാരിച്ചു.

# തൊഴിലവസരത്തിന് മഹിളാ ശക്തി വായ്പകൾ



സ്ത്രീകളുടെ തൊഴിലവസരം വർധിപ്പിക്കുന്നതിനായി മഹിളാ ശക്തി സ്വയം തൊഴിൽ സഹായ വായ്പ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ബാങ്ക്, കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുത്ത വനിതാ സൊസൈറ്റി സെക്രട്ടറിമാരുടെ ശില്പശാല സംഘടിപ്പിച്ചു. വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ സ്ത്രീകൾക്ക് ഒറ്റയ്ക്കോ ഗ്രൂപ്പുകളായോ സ്വയംതൊഴിൽ ആരംഭിക്കാനാണ് വായ്പ . അവർ അംഗങ്ങളായിട്ടുള്ള വനിതാ സഹകരണ സംഘങ്ങൾ വഴിയാണ് വായ്പ അനുവദിക്കുക.

ശില്പശാലയിൽ ബാങ്ക് ഡയറക്ടർ ശ്രീമതി. കെ. ജി വത്സലകുമാരി അധ്യക്ഷയായി. ജനറൽ മാനേജർ ശ്രീ എം പി ഷിബു, ഡിജിഎം, ശ്രീ. പി.പി.മനോജ് എന്നിവർ പ്രസംഗിച്ചു.



സംസ്ഥാന സഹകരണ വകുപ്പ് നൽകുന്ന 2019-20 ഈ വർഷത്തെ മികച്ച വനിതാ സംഘത്തിനുള്ള അവാർഡ് സംസ്ഥാനതലത്തിൽ ലഭിച്ച ഉദുമ വനിതാ സർവ്വീസ് സഹകരണ സംഘത്തെ കേരള ബാങ്ക് ഡയറക്ടർ ശ്രീ. സാബു അബ്രഹാം ആദരിക്കുന്നു. കേരള ബാങ്കിൽ അഫിലിയേറ്റ് ചെയ്ത കാസർഗോഡ് ജില്ലയിലെ വനിതാ സർവീസ് സഹകരണ സംഘങ്ങളുടെ യോഗത്തിലാണ് അവാർഡ് നൽകിയത്. ബാങ്ക് കണ്ണൂർ റീജിയണൽ ജനറൽ മാനേജർ, ശ്രീ.എം.പി. ഷിബു, കാസർഗോഡ് സിപിസി ഡിജിഎം ശ്രീ. ശോഭനൻ ടി.എച്ച്, അഗ്രികൾച്ചറൽ ഓഫീസർ, ശ്രീ.പ്രവീൺകുമാർ എന്നിവർ സംബന്ധിച്ചു.



ബാങ്കിന്റെ തിരുവനന്തപുരം അരുവിപ്പുറം ശാഖ മുഖേന 25 കുടുംബശ്രീ യൂണിറ്റിൽപ്പെടുന്ന 100 ഗുണഭോക്താക്കൾക്ക് 50 ലക്ഷം രൂപയുടെ JLG വായ്പയുടെയും, 3 ചെറുകിട കച്ചവടക്കാർക്ക് 6 ലക്ഷം രൂപയുടെ സുവിധ പ്ലസ് വായ്പയുടെയും വിതരണത്തിന്റെയും ഉദ്ഘാടനം ബാങ്ക് ഡയറക്ടർ, അഡ്വ: എസ്.ഷാജഹാൻ നിർവ്വഹിച്ചു. ബാങ്കിന്റെ റീജിയണൽ ജനറൽ മാനേജർ, ഡോ. ആർ. ശിവകുമാർ അധ്യക്ഷത വഹിച്ചു. ഏരിയ മാനേജർ, ശ്രീമതി. എസ്. ബീന, മാനേജർ, ശ്രീ.ജയകുമാർ എന്നിവർ പങ്കെടുത്തു.

## ബാങ്ക് ആദരിച്ചു



പദ്മശ്രീ ശങ്കര നാരായണൻ ഗുരുക്കളെ കേരള ബാങ്ക് തൃശ്ശൂർ റീജിയണൽ ഓഫീസ് ആദരിച്ചു. തൃശ്ശൂർ റീജിയണൽ ജനറൽ മാനേജർ ശ്രീ ജോളി ജോൺ ഉപഹാരം നൽകി.

# Transforming Villages.
# Ensuring Prosperity.




NABARD

**Development Bank of the Nation**

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905